**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3551</u>** **<u>26-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>സംസ്ഥാനത്ത് കൂടുതൽ ഓപ്പൺ യൂണിവേഴ്സിറ്റികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവകലാശാലകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ആഗോള സർവ്വകലാശാല റേറ്റിംഗിൽ സ്ഥാനം പിടിക്കുവാൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ - സർവ്വകലാശാലാ തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1. 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികൾ എ. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ, ബി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം, സി. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിൻറെ കേന്ദ്രങ്ങൾ, ഡി. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ, ഇ. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, എഫ്. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. 2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി/പി.ജി ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം. 3. ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ റിസർച്ച് ഡയറക്ടറേറ്റ് രൂപീകരണം. 4. വിദേശത്ത് നിന്നും നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ള വിദഗ്ധരെ സംസ്ഥാനത്തെ സർവ്വകലാശാല കളിൽ എത്തിക്കാനുള്ള സ്കോളർ-ഇൻ-റസിഡൻസ് പ്രോഗ്രാം. 5. ഔട്ട്കം ബേയ്സിഡ് എഡ്യൂക്കേഷൻ (OBE) സമ്പ്രദായത്തിൽ കരിക്കുലത്തിന്റെ പുന:സംഘാടനം. 6. വിദേശ സർവ്വകലാശാലകളു മായുള്ള അക്കാദമിക സഹകരണത്തി നുള്ള എം.ഒ.യു. 7. സംസ്ഥാനതലത്തിലുള്ള |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ അക്രഡിറ്റേഷന് സഹായിക്കുന്ന സ്റ്റേറ്റ് ലെവൽ അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻറർ (SAAC). 8. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടക്കുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർ വൽക്കരണവും. 9. അക്കാദമിക് കലണ്ടറും എക്സാമിനേഷൻ കലണ്ടറും അനുസരിച്ചുള്ള സർവ്വകലാശാല കളുടെ ചിട്ടയായതും സമയ ബന്ധിതവുമായ പ്രവർത്തനങ്ങൾ. 10. കിഫ്ബിയിൽ നിന്നും മറ്റു ഫണ്ടിംഗ് ഏജൻസികളിൽ നിന്നുമുള്ള പശ്ചാത്തല വികസന പദ്ധതികൾ. 11. സർവ്വകലാശാലാ നിയമങ്ങളിലും പരീക്ഷാനടത്തിപ്പിലും സമഗ്രമായ പരിഷ്കരണം ലക്ഷ്യമിട്ട് മൂന്ന് കമ്മീഷനുകൾ സർക്കാർ നിയമിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് കൂടുതൽ ഓപ്പൺ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിച്ച് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ കൂടുതൽ ഓപ്പൺ സർവ്വകലാശാലകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങളും സർട്ടിഫിക്കറ്റുകളും ഏറ്റവും വേഗം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങളും സർട്ടിഫിക്കറ്റുകളും ഏറ്റവും വേഗം ലഭ്യമാക്കുവാനായി കേരളസർവകലാ ശാല സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെൻറ്സിസ്റ്റം നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികൾക്കായി അഡ്മിഷൻ മുതൽ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. കൂടാതെ വിദ്യാർത്ഥികൾക്കായുള്ള മറ്റ് പേയ്മെന്റുകൾ, അഡ്മിഷൻ, രജിസ്ട്രേഷൻ മുതലായവ ഓൺലൈനായി ലഭ്യമാക്കിവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാല വിദ്യാർത്ഥികൾക്ക് നൽകുന്ന പല സേവനങ്ങൾ ഓൺലൈൻ ആക്കുകയും സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ എത്രയും വേഗം നൽകാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിലുള്ള സാങ്കേതിക വിദ്യയുടെ ആധുനിക വർക്കരണത്തിനുള്ള പദ്ധതികളും മറ്റു ബൗദ്ധിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ ഒറിജിനൽ ബിരുദ സർട്ടിഫിക്കറ്റുകൾ തൊഴിൽ, ഉപരി പഠന കാര്യങ്ങൾക്കും അത്യാവശ്യമുള്ള വർക്കും വേഗത്തിൽ ലഭിക്കാൻ Urgent/Fast Track സംവിധാനം നിലവിലുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയിൽ ഓൺലൈൻ സംവിധാനം ഉപയോഗിച്ച് നാൽപതോളം സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുവാനും, ഫീസ് അടയ്ക്കുവാനും വിദ്യാർത്ഥികൾക്ക് സാധിക്കുന്നുണ്ട്. മൈഗ്രേഷൻ, പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഓൺലൈനായി ലഭിക്കുന്നതി നുള്ള സംവിധാനം സർവ്വകലാ ശാലയിൽ നിലവിലുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വിദ്യാർത്ഥി കൾക്ക് ഓരോ സെമസ്റ്ററിലെയും Course Registration, Exam Registration എന്നിവയും വിവിധ ആവശ്യങ്ങൾക്ക് ഫീസ് അടയ്ക്കലും ഓൺലൈൻ പോർട്ടൽ മുഖേന സാധ്യമാണ്. വിവിധ പ്രോഗ്രാമുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതോടൊപ്പം തന്നെ, സെമസ്റ്റർ ഗ്രേഡ് റിപ്പോർട്ടിന്റെ മാതൃകയിൽ തന്നെ തങ്ങളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ കാണുന്നതിനും പ്രിന്റ് എടുക്കുന്നതിനു മുള്ള സൗകര്യമുണ്ട്. വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുള്ള തിനാൽ സർവകലാശാലയിലേക്ക് വരാതെ തന്നെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനും വിദ്യാർത്ഥികൾക്ക് സാധ്യമാണ്. കൂടാതെ ഫാസ്റ്റ് ട്രാക്കിൽ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് 5 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ ഡിജിറ്റൽ സർവ്വകലാശാലയുമായി ചേർന്ന് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിദ്യാർത്ഥികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നുവാൽസിൽ ഓഫീസ് ഓട്ടോമേഷൻ പൂർത്തിയായി വരുന്നു. Examination വിങ്ങിൽ ഓൺലൈൻ സിസ്റ്റം നടപ്പിലാക്കി വരുന്നു. ആദ്യമായി സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിലൂടെ നൽകുന്ന നിയമ സർവ്വകലാശാലയാണ് നുവാൽസ്. |

സെക്ഷൻ ഓഫീസർ